**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ കാര്യാലയം**
**വികാസ് ഭവൻ, തിരുവനന്തപുരം**

നം.കെ.എസ്.എ.3358 /എസ്.എസ്4/2020 തീയതി. 24.02.2020

**സർക്കുലർ നം. 02/2020 തീയതി 24.02.2020**

വിഷയം:- കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് - വകുപ്പ് സർക്കാരിനയക്കുന്ന പ്രത്യേക കത്തുകളുടെയും, റിപ്പോർട്ടുകളുടെയും - നടപടിക്രമങ്ങളും അവയിൽ സർക്കാർ സ്വീകരിച്ച നടപടികളുടെയും തുടർ നിർദ്ദേശങ്ങളുടെയും വിവരങ്ങൾ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തി നിയമസഭാ സമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതും - സംബന്ധിച്ച്.

**1.** ഓഡിറ്റ് വേളയിൽ കുറ്റകരമായ പണാപഹരണമോ, തട്ടിപ്പോ നടത്തിയെന്ന അനുമാനത്തെ സ്ഥിരീകരിക്കുന്നതായി ഓഡിറ്റിൽ കരുതാവുന്നതോ, പ്രത്യേക ശ്രദ്ധയോ ഉടനടിയുള്ള അന്വേഷണമോ അർഹിക്കുന്നതാണെന്ന് ഓഡിറ്റർക്ക് അഭിപ്രായമുള്ളതോ ആയ എന്തെങ്കിലും വിവരം പ്രത്യേക ഓഡിറ്റ് റിപ്പോർട്ടായി സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റ് സെക്ഷൻ 15(5) പ്രകാരം ഓഡിറ്ററെ അധികാരപ്പെടുത്തിയിട്ടുണ്ട്.

**2.** ഇപ്രകാരം പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് സാധാരണ ഓഡിറ്റ് നടപടികൾക്കു ഉപരിയായ വിശദമായ അന്വേഷണങ്ങളും പരിശോധനകളും ആരംഭിക്കുന്നതിനു മുമ്പ് ചട്ടം (12) അനുസരിച്ച് ഡയറക്ടറെയും, സ്ഥാപനത്തെയും അറിയിച്ചശേഷം ഡയറക്ടറുടെ അറിവോടുകൂടി മാത്രമേ പ്രത്യേക അന്വേഷണം നടത്തി റിപ്പോർട്ട് തയ്യാറാക്കേണ്ടതുള്ളൂ. ഇത്തരത്തിൽ ഡയറക്ടറുടെ മുന്നറിവോടെ തയ്യാറാക്കി ലഭ്യമാക്കുന്ന റിപ്പോർട്ടുകൾ ഡയറക്ടറേറ്റിൽ നിന്ന് ഉചിതമായ നടപടികൾക്ക് ഭരണ വകുപ്പിനോ, സർക്കാരിനോ കൈമാറുന്നതും തുടർനടപടികൾ ആരാഞ്ഞ് ഉപകാര്യാലയങ്ങളെ അറിയിക്കുന്നതുമാണ്.

☎ 0471 - 2303640 ✉ director.ksad@kerala.gov.in

3. ക്രിമിനൽ സ്വഭാവമുള്ള അടിയന്തര നടപടി സ്വീകരിക്കേണ്ട ഏതെങ്കിലും ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ പ്രസ്തുത വിവരം ഉചിതമായ ആശയവിനിമയ മാർഗ്ഗം മുഖേന അതേ ദിവസം തന്നെ ഡയറക്ടറെ നേരിട്ട് അറിയിക്കേണ്ടതാണ്. ആവശ്യമെങ്കിൽ അത്തരം സ്ഥാപനങ്ങളിൽ ഡയറക്ടറോ/പ്രത്യേകം നിയോഗിക്കുന്നവരോ നേരിട്ട് സന്ദർശിക്കുകയും വിഷയം ഭരണതലത്തിലും പോലീസ്/വിജിലൻസ് വിഭാഗങ്ങളിലും അറിയിച്ച് മേൽ നടപടികൾ കൈക്കൊള്ളുന്നതിനാവശ്യമായ ക്രമീകരണം നടത്തുന്നതുമായിരിക്കും.

4. വ്യക്തികൾ പൊതുപണം കണക്കിൽ ക്രമക്കേടുകൾ നടത്തി പണമായിതന്നെ അപഹരിച്ചെന്നോ, കൃത്രിമരേഖകളോ സമാന ക്രമക്കേടുകളോ വഴി സ്ഥാപനത്തിന് നഷ്ടം ഉണ്ടാക്കിയെന്നോ ബോദ്ധ്യപ്പെടുന്ന സാഹചര്യങ്ങളിൽ ക്രിമിനൽ കുറ്റം ചെയ്തതായി കണക്കാക്കി തെളിവുകൾ നശിപ്പിക്കപ്പെടാതെ സൂക്ഷിക്കുന്നതിനുള്ള മുൻകരുതൽ നടപടികൾ സ്വീകരിക്കേണ്ടതിന് പ്രത്യേകം ശ്രദ്ധിക്കണം. ആയതിലേയ്ക്ക് രസീത് നൽകി എക്സിക്യൂട്ടീവ് അതോറിറ്റി മുഖേന രേഖകൾ ഏറ്റെടുക്കേണ്ടതുണ്ടെങ്കിൽ ചട്ടം 6 പ്രകാരമുള്ള നടപടി ക്രമംപാലിച്ച് അപ്രകാരം ചെയ്യേണ്ടതാണ്.

5. കണ്ടെത്തിയ അപാകതകൾ പരിഹരിക്കുന്നതിന് വേണ്ട നടപടികളും, കുറ്റക്കാർക്കെതിരെ ഉചിതമായ ഭരണതല നടപടികളും, മറ്റ് നിയമനടപടികളും റിപ്പോർട്ടിൽ വ്യക്തമാക്കേണ്ടതുണ്ട്. അപ്രകാരം നടപടികൾ ആവശ്യപ്പെടുന്ന പ്രത്യേക ഖണ്ഡിക റിപ്പോർട്ടിന്റെ ഉപസംഹാരമായി പ്രത്യേകം ചേർക്കേണ്ടതും ചുവടെ പറയുന്നവ വ്യക്തമാക്കേണ്ടതുമാണ്.

a. ധനാപഹരണമോ നഷ്ടമോ സ്ഥാപനത്തിനുണ്ടായിട്ടുണ്ടോ - തിട്ടപ്പെടുത്തിയത് ഉണ്ടെങ്കിൽ - വിവരം (അടവാക്കിയതിന്റേയും)

b. സ്ഥാപനത്തിന്റെ പേരിൽ പൊതുജനത്തിനോ, വ്യക്തികൾക്കോ ഹാനികരമായ എന്തെങ്കിലും കുറവുകളോ നഷ്ടമോ ഉണ്ടോ? തിട്ടപ്പെടുത്തിയത് ഉണ്ടെങ്കിൽ - വിവരം (നഷ്ടം നികത്തിയതിന്റേയും)

c. മേൽപ്പറഞ്ഞ നഷ്ടമോ കുറവോ പൂർണ്ണമായും തിട്ടപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടോ - ഇല്ലെങ്കിൽ നഷ്ടം/കുറവ് തിട്ടപ്പെടുത്തുവാൻ ആവശ്യമാകുന്ന നടപടികൾ - ഓഡിറ്റിന് പൂർണ്ണമായ റിപ്പോർട്ട് തയ്യാറാക്കാനാകാത്തപക്ഷം, കൂടുതൽ അന്വേഷണം ആവശ്യമാകുന്ന സാഹചര്യത്തിൽ മറ്റൊരു സർക്കാർ ഏജൻസിയുടെ സേവനം ഉചിതം ആകുന്നെങ്കിൽ - ശുപാർശയും കാരണങ്ങളും (വകുപ്പ്.6(2) കാണുക)

d. ക്രിമിനൽ സ്വഭാവമുള്ള കുറ്റം ഉണ്ടെങ്കിൽ ആരോപണ വിധേയരുടെ പേരും വിശദാംശങ്ങളും
*നടപടി സ്വീകരിക്കേണ്ട അധികാരസ്ഥാനം സ്ഥാപനം തന്നെയാണെങ്കിൽ ആയത് സംബന്ധിച്ച് നൽകിയ നിർദ്ദേശങ്ങളുടെ വിവരം, സ്വീകരിച്ച നടപടികളുടെ വിവരം.

e. ഭരണതല നടപടികൾ ആവശ്യമെങ്കിൽ - നിർദ്ദിഷ്ട അധികാരസ്ഥാനം ഏതെന്നും, റിപ്പോർട്ട് ചെയ്തതിന്റെ/ചെയ്യുന്നതിന്റെ വിവരങ്ങളും.

f. റിപ്പോർട്ട് അന്തിമമാക്കുമ്പോൾ - പരിഹരിക്കപ്പെടാതെ അവശേഷിക്കുന്ന നഷ്ടങ്ങളുടെയും കുറവുകളുടേയും നിർദ്ദേശിക്കുന്ന പരിഹാര നടപടികളുടെയും വിവരം.

g. റിപ്പോർട്ടിൽ പരാമർശിച്ച അപാകം ആവർത്തിക്കാതിരിക്കാൻ വിധം ഭരണ സംവിധാനം ക്രമപ്പെടുത്തുന്നതിലേയ്ക്ക് സ്വീകരിക്കേണ്ട നടപടികളും ഉത്തരവാദിത്ത്വമുള്ള അധികാരസ്ഥാനവും.

h. സമാനവിഷയത്തിൽ ഇതര സ്ഥാപനങ്ങളിലോ സ്ഥലങ്ങളിലോ തുടർ പരിശോധന ആവശ്യമാകുന്നുണ്ടോ ഉണ്ടെങ്കിൽ, പരിശോധനാ ലക്ഷ്യങ്ങളും വ്യാപ്തിയും.

**6.** ഇപ്രകാരം തയ്യാറാക്കുന്ന പ്രത്യേക ഓഡിറ്റ് റിപ്പോർട്ടുകളിൽ സ്ഥാപനത്തിന്റെ പേര്, ഓഡിറ്റ് കാലയളവ്, ഓഡിറ്റ് ചെയ്ത ഉദ്യോഗസ്ഥരുടെ പേരുവിവരം, ഓഡിറ്റ് വർഷം, ക്രമക്കേടുകൾക്ക് ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ പേര് വിവരം, ക്രമക്കേട് സംഭവിച്ച തുക, നടന്ന കാലയളവ്, വിഷയത്തിന്റെ വ്യാപ്തി, തെളിവുകളുടെ വിവരം മുതലായവ നിർബന്ധമായും ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

**7.** ഉപകാര്യാലയങ്ങളിൽ നിന്ന് ഇത്തരത്തിൽ തയ്യാറാക്കി നൽകുന്ന പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് - സ്ഥാപനത്തിന്റെ പേര്, ജില്ല/ഇവ കവറിന് മുകളിൽ രേഖപ്പെടുത്തി പ്രത്യേകം കവറിൽ ആക്കി അയയ്ക്കേണ്ടതാണ്. ഇവ ഡയറക്ടറേറ്റിലെ അതാത് സെക്ഷനുകൾ ആവശ്യമായ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം തുടർ നടപടികൾക്കായി ഉചിതമായ അധികാര സ്ഥാനത്തിനും സർക്കാരിലേയ്ക്കും അയയ്ക്കും. പ്രസ്തുത കത്തിൽ/റിപ്പോർട്ടിൽ കേരള ലോക്കൽ ഫണ്ട് ആക്ടിലെ 15(5) വകുപ്പ്, 23-ാം വകുപ്പ് നിഷ്കർഷിക്കുന്ന പ്രകാരമാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമായി സൂചിപ്പിക്കേണ്ടതും, പ്രസ്തുത വിഷയത്തിന്മേലുള്ള സർക്കാരിന്റെ തുടർ നിർദ്ദേശങ്ങളും നടപടികളും സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതിലേയ്ക്ക് ആയവ എല്ലാ വർഷവും മേയ് 31നകം ഓഡിറ്റ് വകുപ്പിന് കൂടി

ലഭ്യമാക്കണമെന്നും നിർദ്ദേശിക്കേണ്ടതാണ്.

**8.** ഇത്തരത്തിൽ എല്ലാ വർഷവും ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെ സർക്കാരിലേയ്ക്ക് സമർപ്പിക്കുന്ന പ്രത്യേക റിപ്പോർട്ടുകളിന്മേൽ സർക്കാർ കൈക്കൊണ്ട നടപടികളാണ് അടുത്ത സാമ്പത്തിക വർഷം മേയ് 31 നകം വകുപ്പിന് കൂടി ലഭ്യമാക്കണമെന്ന് പ്രത്യേക അധികാര സ്ഥാപനത്തോട്/സർക്കാരിനോട് അഭ്യർത്ഥിക്കുന്നത്. ഇത്തരത്തിൽ ഡയറക്ടറേറ്റിൽ ലഭ്യമാക്കുന്ന വിവരങ്ങളുടെ തൽസ്ഥിതി പരിശോധിക്കുന്നതിലേയ്ക്കായി ഉപകാര്യാലയങ്ങൾക്ക് ലഭ്യമാക്കുകയും, ഉപകാര്യാലയങ്ങൾ തൽസ്ഥിതി വിവരത്തോടുകൂടിയ റിപ്പോർട്ട് എല്ലാ വർഷവും ജൂൺ 30 ന് മുൻപായി തിരികെ ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതുമാണ്. ഈ റിപ്പോർട്ടുകൾ ഡയറക്ടറേറ്റിലെ അതാത് സെക്ഷനുകൾ ക്രോഡീകരിച്ച് ജൂലൈ 31 നകം സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതിലേയ്ക്കായി സമാഹൃത ഓഡിറ്റ് റിപ്പോർട്ട് സെക്ഷനെ ഏൽപ്പിക്കേണ്ടതുമാണ്. സമാഹൃത ഓഡിറ്റ് റിപ്പോർട്ട് സെക്ഷൻ പ്രസ്തുത റിപ്പോർട്ടുകൾ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതിന് മുമ്പ് വസ്തുതാപരമാണെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

01.04.2019 മുതൽ ഈ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതുവരെ ഇപ്രകാരമല്ലാതെ സർക്കാരിന് നൽകിയ റിപ്പോർട്ടുകളുടെയും കത്തുകളുടെയും വിവരം ഡയറക്ടറേറ്റിലെ അതത് സെക്ഷനുകൾ സമാഹരിച്ച ശേഷം പ്രസക്തമായവയുടെ വിവരങ്ങൾ പട്ടികപ്പെടുത്തി അവയിൽ മേൽ പരാമർശിച്ച നിയമനിഷ്കർഷകൾ അനുസരിച്ച് സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്ന വിവരം സർക്കാരിനെ/അതത് ഭരണവകുപ്പിനെ അറിയിക്കുകയും, ആയവയിൽ സർക്കാർ കൈക്കൊണ്ട നടപടികളുടെയോ നിർദ്ദേശങ്ങളുടെയോ വിവരങ്ങൾ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതുണ്ടെങ്കിൽ 31.05.2020 നകം ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സർക്കാരിനോട് ഡയറക്ടർ മുഖേന അഭ്യർത്ഥിക്കുകയും ചെയ്യേണ്ടതാണ്.

വിശ്വസ്തതയോടെ

**ഡയറക്ടർ**

**പകർപ്പ്:**

1. എല്ലാ ഉപകാര്യാലയ മേധാവികൾക്കും
2. ഡയറക്ടറേറ്റ്.

Rm

☎ 0471 - 2303640 ✉ director.ksad@kerala.gov.in